# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4003      27.06.2012 - ൽ മറുപടിക്ക്

## വൻകിടസ്ഥാപനങ്ങൾക്ക് ക്രമവിരുദ്ധമായി കണക്ഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഓപ്പറേഷൻ വാട്ടർഫാൾ എന്ന പേരിൽ ജലവിഭവ വകുപ്പിലെ വിജിലൻസ് വിഭാഗം ആലപ്പുഴ ജല അതോറിറ്റി ഓഫീസിൽ നടത്തിയ പരിശോധനയിൽ എത്ര രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) ഓപ്പറേഷൻ വാട്ടർഫാൾ എന്ന പേരിൽ ജലവിഭവ വകുപ്പിലെ വിജിലൻസ് വിഭാഗം ആലപ്പുഴ ജലഅതോറിറ്റി ഓഫീസിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) വൻകിട സ്ഥാപനങ്ങൾക്ക് ക്രമവിരുദ്ധമായി കണക്ഷനുകൾ നൽകിയതിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കിയ ജല അതോറിറ്റി ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) തിരുവനന്തപുരത്ത് ഒരു വൻകിട സ്ഥാപനത്തിന് ക്രമവിരുദ്ധമായി കണക്ഷൻ നൽകിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വാട്ടർ കണക്ഷനുമായി നേരിട്ട് ബന്ധമുള്ള മീറ്റർ ഇൻസ്പെക്ടർ, മീറ്റർ റീഡർ എന്നീ തസ്തികയിലുള്ള രണ്ട് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും ക്രമവിരുദ്ധ കണക്ഷനെക്കുറിച്ച് കൂടുതൽ അന്വേഷിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (സി) ക്രമവിരുദ്ധമായി കുടിവെള്ളം കൈക്കലാക്കിയ സ്ഥാപനങ്ങളുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ? | (സി) ക്രമവിരുദ്ധമായി കുടിവെള്ളം കൈക്കലാക്കുന്നുവെന്ന് അന്വേഷണത്തിൽ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെയും, വ്യക്തികൾക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ